പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3339 24.02.2016-ൽ മറുപടിക്ക്

## ഇ-ഗവേണൻസ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുരളീധരൻ :<br>,, ഐ.സി.ബാലകൃഷ്ണൻ :<br>,, ഡൊമിനിക് പ്രസന്റേഷൻ :<br>,, പി.സി. വിഷ്ണുനാഥ് : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യിൽ ഇ-ഗവേണൻസ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ; | (ബി) യും (സി) യും | കെ.എസ്.ആർ.ടി.സി.യുടെ വിവിധ സേവനങ്ങൾ വേഗത്തിലും സൗകര്യപ്രദമായും പൊതുജനങ്ങൾക്ക് ലഭ്യമാക്കുക എന്നതും ജീവനക്കാരുടെ ജോലി ഭാരം ലഘൂകരിക്കുക എന്നതും ചെലവ് കുറച്ച് വരുമാന വർദ്ധനവുമാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.യുടെ 24 ഓൺലൈൻ റിസർവേഷൻ കൗണ്ടറുകൾ വഴി മുൻകൂർ ഓൺലൈൻ റിസർവേഷൻ സൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ യാത്രക്കാർക്ക് ഓൺലൈൻ സംവിധാനം വഴി www.ksrtconline.com എന്ന വെബ്സൈറ്റ് മുഖേന ക്രെഡിറ്റ് കാർഡ്, ഡെബിറ്റ് കാർഡ്, ഇന്റർനെറ്റ് ബാങ്കിംഗ് മുഖേന ടിക്കറ്റ് മുൻകൂർ ബുക്ക് ചെയ്യാനുള്ള സൗകര്യം ലഭ്യമാണ്. ജി.പി.എസ് സംവിധാനം ഉപയോഗിച്ച് വാഹനങ്ങൾ നിരീക്ഷിക്കുന്നതിനായി എല്ലാ ബസുകളിലും പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതിനുള്ള ധാരണാപത്രം കെൽട്രോണുമായി ഒപ്പിട്ടിട്ടുണ്ട്. ആദ്യഘട്ടമായി കെ.എസ്.ആർ.ടി.സി.യുടെ തിരുവനന്തപുരം സിറ്റി, തിരുവനന്തപുരം സെൻട്രൽ എന്നീ ഡിപ്പോകളിലെ എല്ലാ ബസ്സുകളിലും (250) |
| (സി) | പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | | |

| | | | |
|---|---|---|---|
| | | | ജി.പി.എസ് ഘടിപ്പിച്ച് ആയതിന്റെ പൂർണ്ണതോതിലുള്ള പ്രവർത്തനം നിരീക്ഷിക്കുകയും അടുത്തഘട്ടം എന്ന നിലയിൽ കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ ഡിപ്പോകളിലെ ദീർഘദൂര സർവ്വീസ് നടത്തുന്ന ബസ്സുകളിലും (110) ജി.പി.എസ് ഉപകരണം ഘടിപ്പിച്ച് പ്രവർത്തനക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. ഇതിനോടനുബന്ധമായി പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റവും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.<br>ഇ-ടെണ്ടറിംഗ് സംവിധാനവും കെ.എസ്.ആർ.ടി.സി.യിൽ നടപ്പിലാക്കിയിട്ടുണ്ട്.<br>ജീവനക്കാരുടെ ഹാജർ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള ബയോമെട്രിക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ജീവനക്കാരുടെ ശമ്പളവും, പെൻഷനും മറ്റാനുകൂല്യങ്ങളും ബാങ്കുവഴി നൽകുന്നതിനുള്ള സംവിധാനം 2013 ജൂലൈ മുതൽ നടപ്പിലാക്കിയിട്ടുണ്ട്.<br>പൊതുജനങ്ങൾക്ക് കെ.എസ്.ആർ.ടി.സി ബസുകളിൽ സ്മാർട്ട് കാർഡുപയോഗിച്ച് യാത്ര ചെയ്യുന്നതിനായി ഇ.ടി.എമ്മുമായി ബന്ധപ്പെടുത്തി ആർ.എഫ്.ഐ.ഡി കാർഡ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.<br>കെ.എസ്.ആർ.ടി.സി.യുടെ എല്ലാ ബസുകളിലും ജി.പി.ആർ.എസ് സംവിധാനമുള്ള ഇ.ടി.എമ്മുകൾ നടപ്പിലാക്കി.<br>മെച്ചപ്പെട്ട സൗകര്യങ്ങൾ ലഭ്യമാക്കി കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിന്റെ ഭാഗമായി പരീക്ഷണാടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി.യുടെ രണ്ടു സർവ്വീസുകളിൽ വൈഫൈ സംവിധാനം സജ്ജീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ